107 (425) മണ്ഡരിരോഗബാധയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര വിദഗ്ധസമിതി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗബാധയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര വിദഗ്ധ സമിതി സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരമാണോ വന്നിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘം ഏതൊക്കെ പ്രദേശങ്ങളിൽ പര്യടനം നടത്തി എന്ന് വിശദമാക്കുമോ;

(ഡി) സമിതി ഏതെങ്കിലും ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാന സർക്കാരിന് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽവിശദാംശം വ്യക്തമാക്കുമോ;

(എഫ്)രോഗബാധ കൂടുതലായത് ഏതൊക്കെ ജില്ലകളിലാണെന്നും നഷ്ടം സംഭവിച്ചതിന്റെ കണക്ക് ജില്ല തിരിച്ചും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര വിദഗ്ദ്ധ സമിതി 1999 ഡിസംബർമാസം കേരളത്തിൽ സന്ദർശനം നടത്തി ഒരു റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ 100 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടിരുന്നു. കൃഷിമന്ത്രി നേരിട്ടും നിവേദനം നടത്തിയിരുന്നു. മുഖ്യമന്ത്രിയും ഈ ആവശ്യം ഉന്നയിച്ചിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് സംഘം എത്തിയത്.

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ പര്യടനം നടത്തിയിരുന്നു.

(ഡി) സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്)തൃശ്ശൂർ, പാലക്കാട്, എറണാകുളം, ആലപ്പുഴ, മലപ്പുറം ജില്ലകളിലാണ് കൂടുതലായി കണ്ടുവരുന്നത്. നഷ്ടത്തിന്റെ കണക്ക് ശേഖരിച്ചു വരുന്നു.

108 (426) കൃഷി ആഫീസ് മന്ദിരം നന്നാക്കുന്നതിന് ഫണ്ട്

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കുത്താളി ഗ്രാമപഞ്ചായത്തിലെ കൃഷി ആഫീസ് മന്ദിരം നന്നാക്കുന്നതിന് ഫണ്ട് അനുവദിക്കണം

LIBRARY ARCHIVES Kerala Legislative Assembly